പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 287 28.06.2011 ൽ മറുപടിയ്ക്ക്

കാര്യവട്ടം പിണക്കോട്ടുകോണം 11 കെ.വി ലൈൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം സബ്ഡിവിഷന്റെ കീഴിൽ കാര്യവട്ടം പിണക്കോട്ടുകോണം 11 കെ.വി.ലൈൻ വലിക്കുന്നതു സംബന്ധിച്ച് ശ്രീ. കെ. മധുസൂദനൻ കെ.എസ്.ഇ.ബി. വിജിലൻസിന് പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം ഏതു ഘട്ടത്തിലാണ് ; | എ. ഉണ്ട്. പരാതിക്കാരനോ ടിയാന്റെ വസ്തുവകകൾക്കോ യാതൊരു വിധ നാശനഷ്ടവും വരുത്തിയിട്ടില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിനെ അടിസ്ഥാനമാക്കി ചീഫ് വിജിലൻസ് ഓഫീസർ ഫയൽ നടപടികൾ തീർപ്പാക്കിയിട്ടുള്ളതാകുന്നു. |
| ബി. 11 കെ.വി.ലൈൻ വലിക്കുന്നതിനെതിരെ സമർപ്പിച്ച 741/വി.ഐ.പി/2011, 325/വി.ഐ.പി/2011, എന്നീ നമ്പർ പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ; | ബി. പ്രസ്തുത നമ്പരിലുള്ള പരാതികൾ വിജിലൻസ് വിഭാഗത്തിൽ ലഭിച്ചിട്ടില്ല. |
| സി. പ്രസ്തുത പരാതികൾക്ക് കെ.എസ്.ഇ.ബി മറുപടി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ മറുപടി നൽകുവാൻ വൈകുന്നതെന്തുകൊണ്ടെന്ന് വിശദമാക്കാമോ ; | സി. പരാതിക്കാരന് ഉടൻ മറുപടി അയച്ചു കൊടുക്കുന്നതാണ്. |
| ഡി. എം.എൽ.എ നൽകിയ പരാതിയിന്മേൽ കെ.എസ്.ഇ.ബി. മറുപടി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | ഡി. എം.എൽ.എ നൽകിയ പരാതി വിജിലൻസ് വിഭാഗത്തിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ